## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2120      11.02.2020 ൽ മറുപടിക്ക്

### ആർദ്രം പദ്ധതിയിൽ കൂടുതൽ പ്രോജക്ടുകൾ

| ചോദ്യം<br><br>ശ്രീ.കെ.വി.വിജയദാസ് | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br><br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|
| ആർദ്രം പദ്ധതിയിൽ കൂടുതൽ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ? | 1. ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>2. ജില്ല/താലൂക്ക്തല ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ, ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവൃത്തികൾ എന്നിവ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു.<br><br>3. സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടത്തി വരുന്നു.<br><br>4. സൂപ്പർ സ്പെഷ്യാലിറ്റി സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ ഡോക്ടർമാർ, മറ്റ് പാരാ മെഡിക്കൽ ജീവനക്കാർ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ തസ്തികകൾ എന്നിവ ഉൾപ്പെടെ ആരോഗ്യ വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകളിൽ ആകെ 5217 തസ്തികകൾ പുതുതായി സൃഷ്ടിച്ച് നിയമനം നടത്തി വരുന്നു.<br><br>5. കിഫ്ബി പദ്ധതി പ്രകാരം 10 കാത്ത് ലാബുകൾ അനുവദിച്ചിട്ടുണ്ട്.<br><br>6. കിഫ്ബി മുഖേന 44 ഡയാലിസിസ് യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്.<br><br>7. ബ്ലോക്ക്തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി രോഗീസൗഹൃദമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു വരുന്നു. .<br><br>8. ഒന്നാം ഘട്ടത്തിലെ 170, രണ്ടാം ഘട്ടത്തിലെ 504 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കു പുറമെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 220 എണ്ണം മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടി NHM വഴി സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ